അനെർട്ട് പേരാവൂർ ബ്ലോക്കിൽ 14 മിനി ജലവൈദ്യുത പദ്ധതികൾ ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ ഏറ്റെടുക്കാനുദ്ദേശിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ് ധനസഹായം സംബന്ധിച്ച ഭരണാനുമതി ലഭ്യമായാലുടൻ ഇതിൽ 360 കിലോവാട്ട് ശേഷിയുള്ള അഞ്ചു പദ്ധതികൾ ടെൻഡർ ചെയ്യാനാകും.

കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ഉൽപ്പാദന വർദ്ധന

155 (4218) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കും എന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ആദ്യ നാലുവർഷ കാലയളവിൽ ഓരോ വർഷവും ഇത്തരത്തിൽ എത്ര മെഗാവാട്ട് വൈദ്യുതിവീതം അധികമായി ഉൽപ്പാദിപ്പിക്കാനായി എന്നറിയിക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ച് വർഷത്തിനകം 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ബി)

2006	–	2.55 മെഗാവാട്ട്
2007	–	12.50 മെഗാവാട്ട്
2008	–	69.30 മെഗാവാട്ട്
2009	–	12 മെഗാവാട്ട്
2010-ൽ ഇതുവരെ	–	100 മെഗാവാട്ട്
ആകെ	–	196.35 മെഗാവാട്ട്

(സി) ആദ്യത്തെ നാലുവർത്തിനകം പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരുന്ന എല്ലാ പദ്ധതികളും കമ്മീഷൻ ചെയ്യുവാൻ സാധിച്ചു. കൂടാതെ 123.55

LIBRARY ARCHIVES Kerala Legislative Assembly

മെഗാവാട്ട് (406.335 മില്യൻ യൂണിറ്റ്) ന്റെ 8 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 2 എണ്ണം ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുവാൻ സാധിക്കും. ബാക്കി പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ 231.5 മെഗാവാട്ടിന്റെ 5 പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇതിൽ 163 മെഗാവാട്ടിന്റെ അതിരപ്പിള്ളി പദ്ധതിയും ഉൾപ്പെടുന്നു.

ഊർജ്ജ മേഖലയിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

156 (4219) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത്, വയനാട് ജില്ലയിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വയനാട് ജില്ല യുടെ വൈദ്യുതി മേഖലയിലെ സ്ഥിതി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതും പരിഹരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു മായ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം പരിമിതികളാണ് വയനാട് ജില്ലയിലെ വൈദ്യുതി മേഖലയിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ല യിൽ വിതരണ മേഖലയിൽ 61757 കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 12359 ബി.പി.എൽ. കണക്ഷനുകളും 1189 പട്ടികജാതി പട്ടിക വർഗ്ഗ കണക്ഷ നുകളും ഉൾപ്പെടുന്നു. 281.435 കിലോമീറ്റർ 11 കെ.വി. ലൈനും 1253.63 കിലോമീറ്റർ എൽ.റ്റി. ലൈനും പുതുതായി നിർമ്മിച്ചു. 343 ട്രാൻസ്ഫോർ മറുകൾ സ്ഥാപിച്ചു. 34 പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചു. 267 വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവർത്തികളും പൂർത്തീ കരിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 7 പട്ടികജാതി കോളനികൾ വൈദ്യുതീകരിച്ചു. എം.പി. ഫണ്ട് പദ്ധതി അനുസരിച്ച് 14 പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട് പദ്ധതി അനുസരിച്ച് 22 പ്രവർത്തികൾ പൂർത്തീകരിച്ചു. കേരള വികസന പദ്ധതി അനുസരിച്ച് 426 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കൂടാതെ ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട് :

1. 220 കെ.വി. സബ്സ്റ്റേഷൻ, കണിയാമ്പറ്റയിൽ നിന്നുള്ള 11 കെ.വി. കമ്പളക്കാട് ഫീഡറിന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly